| | |
|---|---|
| (ഡി)അംഗീകാരമില്ലാത്ത മണൽ സംഭരണ കേന്ദ്രങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) അംഗീകാരമില്ലാത്ത മണൽ സംഭരണ കേന്ദ്രങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ)പുഴമണലും കരമണലും കലർത്തി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി മട്ടിക്കല്ല് പൊടിച്ച് കൃത്രിമ മണൽ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; | (ഇ) ഇല്ല. മട്ടിക്കല്ല് പൊടിച്ച് കൃത്രിമ മണൽ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല. |
| (എഫ്)മട്ടിമണൽ ഉണ്ടാക്കുന്നതിനും വിൽക്കുന്നതിനും എതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (എഫ്) മട്ടിമണൽ ഉണ്ടാക്കുന്നതിനും വിൽക്കുന്നതിനും അനുമതി നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3833 26.06.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## വൈക്കം നിയോജകമണ്ഡലത്തിലെ കരിമണൽ ഖനനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിന് കീഴിലുള്ള പ്രദേശങ്ങളിൽ കരിമണൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ പഞ്ചായത്തിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ; | (എ) അനുമതി നൽകിയിട്ടുണ്ട്. വൈക്കം താലൂക്കിൽ 12 ക്വാറിയിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. റവന്യൂ രേഖകൾ അടിസ്ഥാനമാക്കി ഖനനാനുമതി നൽകുന്നതിനാൽ അത് പ്രകാരമാണ് രേഖകൾ സൂക്ഷിക്കുന്നത്. പഞ്ചായത്തുകൾ തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കുന്നില്ല. |
| (ബി) ഇക്കാര്യത്തിൽ അനുമതി നൽകുമ്പോൾ പാരിസ്ഥിതിക ആഘാതം പരിഗണിക്കാറുണ്ടോ; | (ബി) പരിഗണിക്കാറുണ്ട് |
| (സി) പരിസ്ഥിതി സംബന്ധമായി മറ്റേതെങ്കിലും വകുപ്പുമായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കൂടിയാലോചിക്കാറുണ്ടോ; | (സി) ഉണ്ട്. |
| (ഡി)കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അനുമതി നൽകിയ പ്രദേശങ്ങളിൽ എവിടെയൊക്കെ ഇപ്പോഴും ഖനനം നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) നിലവിൽ ഖനനം നടക്കുന്നില്ല. |
| (ഇ)ഖനനത്തിന് അനുമതി നൽകുമ്പോൾ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; | (ഇ) പരിശോധന നടത്താറുണ്ട്. |
| (എഫ്)വൈക്കം നിയോജകമണ്ഡലത്തിൽ ഖനനം സംബന്ധിച്ച് നിബന്ധനകൾ പാലിക്കാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എഫ്) ഉണ്ട്. വ്യവസ്ഥകൾ ലംഘിച്ച് ഖനനം നടത്തിയവരിൽ നിന്ന് 2,51,600/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിച്ച് ഖനന ശേഷം കുഴി മൂടാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതും സ്വീകരിച്ചു വരുന്നതുമാണ്. |
| | |

പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3832 26.06.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മണൽ സംഭരണ കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മണൽ സംഭരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) 1967-ലെ കെ.എം.എം.സി നിയമം റൂൾ 48 പ്രകാരം ഡീലേഴ്സ് ലൈസൻസ് അനുവദിക്കുന്നതാണ്. |
| (ബി) നിലവിലുള്ള സംഭരണ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;<br>&<br>(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ശേഖരിച്ച് വിതരണം ചെയ്ത മണലിന്റെ വിശദവിവരം അറിയിക്കുമോ; | (ബി) & (സി) നിലവിലുള്ള മണൽ സംഭരണ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ. |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | ഇല്ല |
| 3 | പത്തനംതിട്ട | ഇല്ല |
| 4 | കോട്ടയം | 53 |
| 5 | ആലപ്പുഴ | 116 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 108 |
| 8 | തൃശ്ശൂർ | 36 |
| 9 | മലപ്പുറം | 23 |
| 10 | പാലക്കാട് | ഇല്ല |
| 11 | വയനാട് | 2 |
| 12 | കോഴിക്കോട് | 85 |
| 13 | കണ്ണൂർ | 77 |
| 14 | കാസർഗോഡ് | 7 |